പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1791 | 17-12-2012 - ലെ മറുപടിയ്ക്ക്

## ആലപ്പുഴ ജില്ലാ കളക്ടർ മുഖാന്തിരം പ്രോസ്പിരിറ്റി കൗൺസിൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. തോമസ് ചാണ്ടി | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) |
| (എ) | ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി കുട്ടനാട്ടിലെ ജനങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ആലപ്പുഴ ജില്ലാ കളക്ടർ മുഖാന്തിരം പ്രോസ്പിരിറ്റി കൗൺസിലിൽ അവതരിപ്പിച്ച 62 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; | (എ) | 12-10-12 ന് ചീഫ് സെക്രട്ടറി തലവനായുള്ള കോർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ കുട്ടനാട്ടിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ യോഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കുട്ടനാട്ടിലെ ജനങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനായുള്ള വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ടി പദ്ധതി പാക്കേജിന്റെ നിലവിലുള്ള സ്കീമുകളിൽ ഉൾപ്പെടുത്തിയോ, അല്ലെങ്കിൽ 13-ാം ധനകാര്യ കമ്മിഷന്റെ ഫണ്ടിൽ ഉൾപ്പെടുത്തിയോ, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ രൂപരേഖയുടെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | പദ്ധതിയുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രേറിയിൽ ലഭ്യമാണ്